സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email:keralarcs.coop@kerala.gov.in
Tel: 0471-2330825,തീയതി-04.05.2024

865/2024-ഇ.എം(5)

സർക്കുലർ നമ്പർ-14/2024

വിഷയം :-സഹകരണ വകുപ്പ്-കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന :-1)സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ സമർപ്പിച്ച നിവേദനം.
2)സഹകരണസംഘം രജിസ്ട്രാറുടെ 25.08.1984-ലെ 37/1984 നം സർക്കുലർ.
3)സഹകരണസംഘം രജിസ്ട്രാറുടെ 13.09.1984-ലെ 37(A)1984 നം സർക്കുലർ.
4)സഹകരണസംഘം രജിസ്ട്രാറുടെ 11.08.1989-ലെ 50/1989 നം സർക്കുലർ.
5)സഹകരണസംഘം രജിസ്ട്രാറുടെ 22.09.2022-ലെ 41/2022 നം സർക്കുലർ.

കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വഴി നിയമനം ആരംഭിച്ചിട്ട് 5 വർഷത്തോളമായെന്നും എന്നാൽ കേരളത്തിലെ പല സർവ്വീസ് സഹകരണ ബാങ്കുകളും /സംഘങ്ങളും ഫീഡർ കാറ്റഗറിയിൽ ടി തസ്തികയുടെ ഉദ്യോഗക്കയറ്റം/ സീനിയോരിറ്റി എന്നിവ സംബന്ധിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ലെന്നും കാണിച്ച് സൂചന(1) പ്രകാരം നിവേദനം ലഭിച്ചിട്ടുണ്ട്. കൂടാതെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ പോഷക വിഭാഗം ഉപനിബന്ധനയിൽ ഉൾപ്പെടുത്തി നല്കാവുന്നതാണോ എന്നുള്ളതിന് സ്പഷ്ടീകരണം നല്കണമെന്നാവശ്യപ്പെട്ടും ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് സ്ഥാനക്കയറ്റം നല്കാവുന്നതാണോ എന്നതിൽ വ്യക്തത നല്കുന്നതിനായും ജോയിന്റ് രജിസ്ട്രാർമാരും സഹകരണ സ്ഥാപനങ്ങളും നിരവധി അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്.ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയുടെ സീനിയോരിറ്റി , ഉദ്യോഗക്കയറ്റം എന്നിവ സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 സഹകരണ ബാങ്ക്/സംഘങ്ങളിൽ നിയമാനുസൃതം നിയമനം ലഭിച്ചിട്ടുള്ള ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് സ്ഥാനക്കയറ്റം നല്കുന്നതിനായി ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക അതാത് സ്ഥാപനങ്ങളിലെ പോഷക വിഭാഗം ഉപനിബന്ധനയിൽ ഉൾപ്പെടുത്തി അംഗീകാരം നല്കാവുന്നതാണ്.

2 ജൂനിയർ ക്ലാർക്കായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതയുള്ളതും ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ കുറഞ്ഞത് 3 വർഷം യോഗ്യ സേവന ദൈർഘ്യവുമുള്ള ജീവനക്കാരെ പ്രസ്തുത തീയതിയിൽ സഹകരണ സ്ഥാപനത്തിൽ നിലവിലുള്ള ജൂനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ അടുത്ത സ്ഥാനം നല്കി ഉദ്യോഗക്കയറ്റത്തിന് പരിഗണിയ്ക്കാവുന്നതാണ്.

3 സഹകരണ ബാങ്ക്/സംഘങ്ങളിലെ ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ,സെയിൽസ്മാൻ,ഡിപ്പോ മാനേജർ,സ്റ്റോർകീപ്പർ,ബിൽ കളക്ടർ,വാച്ച്മാൻ എന്നീ തസ്തികയിലുള്ള ജീവനക്കാർ സഹകരണ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതുപോലെ ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് ആവശ്യമെങ്കിൽ ടിയാളുകളുടെ അവധി കണക്കിലുള്ള അവധികൾക്ക് പുറമേ ശൂന്യവേതനാ അവധിയിൽ സഹകരണ പരിശീലനത്തിന് പങ്കെടുക്കാവുന്നതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പോഷകവിഭാഗം ഉപനിബന്ധന അംഗീകരിക്കുമ്പോൾ ജോയിന്റ് രജിസ്ട്രാർമാർ ടി നിർദ്ദേശങ്ങൾ പരിഗണിയ്ക്കേണ്ടതും സഹകരണ സ്ഥാപനങ്ങൾ ടി നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
സുഭാഷ്.ടി.വി ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :-1)ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്

2)എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും

3)എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ് ) മാർക്കും

4)എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ)മുഖേന

//നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)